**മധുരമായ കുട്ടികളെ- മുഴുവൻ സൃഷ്ടിയുടേയും പാലനാകർത്താവ് ഒരേഒരു ബാബയാണ്, ബാബ ഒരിയ്ക്കലും ആരുടേയും പാലന സ്വീകരിക്കുന്നില്ല, സദാ നിരാകാരനാണ്- ഈ കാര്യം സിദ്ധീകരിച്ച് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കൂ.**

**ചോദ്യം-** ഈശ്വരീയ വിദ്യാർത്ഥികളുടെ ആദ്യത്തെ മുഖ്യലക്ഷണം എന്തായിരിക്കും?
**ഉത്തരം-** ഈശ്വരീയ വിദ്യാർത്ഥികൾക്ക് ഒരിയ്ക്കലും മുരളി കേൾക്കാതിരിയ്ക്കാൻ കഴിയില്ല. അവർ ഒരിയ്ക്കലും ഇങ്ങനെ പറയുകയില്ല ഞങ്ങൾക്ക് മുരളി കേൾക്കാൻ സമയം കിട്ടുന്നില്ല. എവിടെയാണെങ്കിലും പോയിന്റ്സ് ചോദിച്ച് പഠിക്കും. എത്ര അധികം പോയിന്റ്സ് ആണ് ലഭിക്കുന്നത്! അഥവാ മുരളി കേൾക്കുന്നില്ലെങ്കിൽ പിന്നെ ധാരണ എങ്ങനെയുണ്ടാകും? ഇത് പഠിപ്പാണ്, സുപ്രീം ടീച്ചറാണ് പഠിപ്പിക്കുന്നത് അതിനാൽ കുട്ടികൾ ഒരിയ്ക്കലും മുരളി മുടക്കാൻ പാടില്ല.

**ഗീതം-** അങ്ങയെ നേടിയ ഞങ്ങൾ..........

**ഓംശാന്തി.** ഇപ്പോൾ നിങ്ങൾ ആത്മാക്കൾ അച്ഛനെ അറിഞ്ഞു കഴിഞ്ഞു. കുട്ടികൾക്ക് അറിയാം ഒരേ ഒരു ശിവബാബയ്ക്കു മാത്രമാണ് സൂക്ഷ്മമോ സ്ഥൂലമോ ആയ ശരീരം ഇല്ലാത്തത്. ബ്രഹ്മാ വിഷ്ണു ശങ്കറിനുപോലും സൂക്ഷ്മശരീരം കാണിക്കുന്നു. പേരും ഉണ്ട്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് - അവരിൽ ആത്മാവുണ്ട്, സൂക്ഷ്മശരീരമുണ്ട്. ഈ സമയം നിങ്ങൾ കുട്ടികൾ മൂന്നുലോകങ്ങളുടേയും നാഥനാവുന്നു. ലക്ഷ്മീ നാരായണനേപ്പോലും ആരും മൂന്നുലോകങ്ങളുടേയും നാഥൻ എന്നു പറയുകയില്ല. ലക്ഷ്മീ നാരായണന്മാർ ഈ മൂന്നു ലോകങ്ങളെ (മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം) അറിയുന്നില്ല. ഓരോ കാര്യങ്ങളേയും ശരിയാണോ തെറ്റാണോ എന്ന് ബുദ്ധികൊണ്ട് നിർണ്ണയിക്കണം! കേവലം എന്ത് കേട്ടുവോ അത് സത്യമാണെന്ന് പറയുക- ഇത് ഭക്തിമാർഗ്ഗമാണ്. ഇവിടെയാണെങ്കിൽ എല്ലാം നല്ലരീതിയിൽ മനസ്സിലാക്കണം. ബ്രഹ്മാ വിഷ്ണു ശങ്കരന് സൂക്ഷ്മ ശരീരമുണ്ട്. നിരാകാരൻ ഒരേ ഒരു ശിവബാബയാണ്. അനേക പ്രകാരത്തിൽ അനേക നാമങ്ങളിൽ ശിവബാബയ്ക്ക് ക്ഷേത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അനേകം ക്ഷേത്രങ്ങളുണ്ട്, അവിടെ ലിംഗമാണ് വെച്ചിരിക്കുന്നത്. മുംബെയിൽ ശിവബാബയെ ബാബുരിനാഥ് എന്നു വിളിക്കുന്നു. ഒരേ ഒരു ശിവനേയുള്ളു എന്നാൽ വിദേശങ്ങളിലും വളരെ അധികം പേരുകൾ വെച്ചിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി - നമ്മൾ ആത്മാക്കളാണ്. പരമപിതാ പരമാത്മാവ് നമ്മൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. മൂന്നുകാലങ്ങളുടേയും ജ്ഞാനം നൽകുകയാണ്. ഈ സമയത്താണ് നിങ്ങൾ മൂന്നുലോകങ്ങളുടേയും നാഥനാവുന്നത്, എന്തെന്നാൽ നിങ്ങൾക്ക് എല്ലാം അറിയാം. ഏതുവരെ ഒരാൾ അറിയുന്നില്ലയോ അതുവരെ എങ്ങനെ അവർക്ക് അതിന്റെ നാഥനാവാൻ സാധിക്കും? കൃഷ്ണനേയും ത്രിലോകീനാഥ് എന്നു പറയില്ല. കേവലം ബ്രഹ്മാവിന്റെ സന്താനങ്ങളായ ബ്രാഹ്മണർ മാത്രമാണ് ത്രിലോകീനാഥന്മാർ, നിങ്ങൾക്ക് മൂന്നു ലോകങ്ങളുടേയും ജ്ഞാനമുണ്ട്. അച്ഛൻ ജ്ഞാനസാഗരനും ആനന്ദസാഗരനുമാണ്. ആ നിരാകാരനായ അച്ഛൻ നമുക്ക് ജ്ഞാനം നൽകുകയാണ്. ഒരു സാകാര മനുഷ്യനേയും ഈശ്വരൻ എന്നു വിളിക്കാൻ കഴിയില്ല. ഇവിടെയാണെങ്കിൽ സർവ്വവ്യാപി എന്നു വിളിക്കുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി - ഗോഡ് ഫാദർ ഒരേ ഒരു നിരാകാരനായ ശിവനാണ്, ആരുടെയും പാലനയില്ലാത്തവൻ. ബാക്കി എല്ലാവരുടേയും പാലന നടക്കുന്നു. ആത്മാവ് ചെറിയ ശരീരത്തിലാണ് വരുന്നത്. ഗർഭത്തിൽ തന്റെ വിരലു കുടിക്കുന്നു. ശിവബാബയ്ക്ക് കുടിക്കാനാണെങ്കിൽ വിരലുമില്ല. ശിവബാബ പറയുന്നു- ഞാൻ ഗർഭത്തിലേയ്ക്കു വരുന്നില്ല, ബാക്കി എല്ലാവരും ഗർഭത്തിലേയ്ക്കു വരുന്നു. പിന്നീട് അവരുടെ പാലനയും നടക്കുന്നു. അമ്മ എന്ത് ഭക്ഷണമാണോ കഴിക്കുന്നത്, അഥവാ എന്തെങ്കിലും പുളിയുള്ളത് കഴിക്കുകയാണെങ്കിൽ അതിന്റെ പ്രഭാവവും കുട്ടിയിൽ ഉണ്ടാകുന്നു അത് കുട്ടിയ്ക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ശിവബാബ ചോദിക്കുന്നു- എന്റെ പാലന നിങ്ങൾ എങ്ങനെ ചെയ്യും? മുഴുവൻ സൃഷ്ടിയുടേയും പാലന ചെയ്യുന്നയാൾ എന്നല്ലേ എന്നെ വിളിക്കുന്നത്. അതിനാൽ എന്റെ മുകളിൽ ഒരാളില്ല. ഈ കാര്യങ്ങളെല്ലാം നല്ലരീതിയിൽ മനസ്സിലാക്കണം. വിചാരസാഗര മഥനം ചെയ്ത് പോയിന്റ്സ് പുറത്തെടുക്കണം. ശിവബാബ അച്ഛനാണ്. ബാബയെ പ്രിയതമൻ എന്നും വിളിക്കുന്നു. മുഴുവൻ മനുഷ്യരും ആ പ്രിയതമന്റെ പ്രിയതമകളാണ്. നിങ്ങൾ എല്ലാവരും സജിനിമാരും ബാബ സാജനുമാണ്. പ്രിയതമൻ നിരാകാരനാണ്. സാകാരത്തിലോ ആകാരത്തിലോ ഉള്ള ഒരാളെയും പ്രിയതമൻ എന്നു പറയില്ല. എല്ലാവരുടേയും പ്രിയതമൻ ഒരേ ഒരു നിരാകാരനായ ബാബയാണ്. നിരാകാരനായ ആത്മാക്കൾ

തന്റെ പ്രിയതമനെ ഓർമ്മിക്കുന്നു. എന്തുകൊണ്ടാണ് ഓർമ്മിക്കുന്നത്? തീർച്ചയായും എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകും. എല്ലാ ഭക്തരും ഭഗവാനെ ഓർമ്മിക്കുന്നു. ഈ പ്രിയതമയും പ്രിയതമനും നിരാകാരനാണ്. സാകാരത്തിലുള്ള പ്രിയതമ– പ്രിയതമന്മാർക്കും മഹിമയുണ്ട്, എന്നാൽ വളരെ കുറച്ചേയുള്ളു. പരസ്പരം ശരീരത്തിൽ ആസക്തരാകുന്നു. അവർ വികാരത്തിനുവേണ്ടിയല്ല സ്നേഹിക്കുന്നത്. പരസ്പരം നോക്കിക്കൊണ്ടേയിരിക്കുന്നു. കണ്ടില്ലെങ്കിൽ സുഖമുണ്ടാകില്ല. ശരീരത്തെയാണ് ഓർമ്മിക്കുന്നത്. ഇരിക്കുന്നത് എവിടെയെങ്കിലുമായിരിക്കും. മനസ്സിലാക്കും എനിക്കു മുന്നിൽ പ്രിയതമൻ നിൽക്കുകയാണ്. അവർക്ക് സാക്ഷാത്ക്കാരമുണ്ടാകുന്നു എന്തുകൊണ്ടെന്നാൽ അത് പവിത്രതയുള്ള പ്രേമമാണ്. ശരീരത്തിന്റേയും പ്രഭാവം ഉണ്ടാകുമല്ലോ. വികാരത്തിനുവേണ്ടിയല്ല, പരസ്പരം കാണുമ്പോൾ സന്തോഷിക്കുന്നു. കഴിക്കുമ്പോൾ അവരുടെ ഓർമ്മവന്നു, കഴിഞ്ഞു, ഭക്ഷണം കഴിക്കാൻ മറന്നുപോകും. അവരെത്തന്നെ നോക്കിക്കൊണ്ടിരിക്കും. അങ്ങനെയുള്ളവർ വളരെ കുറച്ചേയുള്ളു. ഇവിടെയാണെങ്കിൽ എല്ലാവരും പ്രിയതമകളാണ്, പ്രിയതമനായ ശിവബാബയുടെ. എന്നാൽ പദവിയോടെ പാസാവുന്ന സത്യമായ പ്രിയതമകൾ വളരെ കുറച്ചേയുള്ളു! 8 രത്നങ്ങൾക്ക് എത്ര മഹിമയാണ് ഉള്ളത്. ഭക്തർക്ക് ഭഗവാനെ ലഭിക്കുമ്പോൾ ആ ഭഗവാനെ എത്ര ഓർമ്മിക്കണം. ബാബ പറയുന്നു– കുട്ടികളേ, നിരന്തരം എന്നെ ഓർമ്മിക്കു എന്തുകൊണ്ടെന്നാൽ എന്നിലൂടെ നിങ്ങൾക്ക് വളരെ അധികം സുഖം ലഭിക്കുന്നു. അവർക്കാണെങ്കിൽ അല്പകാലസുഖം ലഭിക്കുന്നു. പരസ്പരം വളരെ സ്നേഹമുണ്ടായിരിക്കും. ഇതാണെങ്കിൽ പരിധിയില്ലാത്ത അച്ഛനോടുള്ള പരിധിയില്ലാത്ത സ്നേഹമാണ്. പരിധിയില്ലാത്ത സ്നേഹം ഒരാളോടാണ് ഉണ്ടാവുക. കുട്ടികൾക്ക് അറിയാം അച്ഛന് ശാരീരികമായ നാമമില്ല.

തീർച്ചയായും വിഷ്ണുവിന്റെ രണ്ടുരൂപങ്ങളായ ലക്ഷ്മീ നാരായണന്റെ പരമ്പര ഉണ്ടാകും. സത്യയുഗത്തിന്റെ ആദിയിൽ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടെങ്കിൽ തീർച്ചയായും പ്രജകളുമുണ്ടാകും. ബുദ്ധിയും പറയുന്നുണ്ട്– സത്യയുഗത്തിൽ ഇത്രപേരുണ്ടാകും പിന്നീട് അതിന് വൃദ്ധിയുണ്ടാകും. സത്യയുഗത്തിന്റെ ആദിയിൽ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. തീർച്ചയായും യമുനാതീരത്ത് രാധാ കൃഷ്ണന്റെ രാജധാനിയുണ്ടായിരുന്നു. ഗംഗാ യമുന മുതലായ അനേകം നദികളുണ്ട്. നദീതീരത്താണ് വസിക്കുന്നത്. സാഗരത്തിൽ ദ്വാരക മുങ്ങിപ്പോയി എന്നു കാണിക്കാറുണ്ട് – ഇങ്ങനെയൊന്നുമില്ല. സാഗരത്തിന്റെ തീരത്ത് ദേവതകളുടെ ഗ്രാമം ഉണ്ടാവുകയില്ല. ഈ മുംബൈയും ഉണ്ടാകില്ല. ഇപ്പോൾ ഈ കാര്യങ്ങളെല്ലാം നിങ്ങളുടെ ബുദ്ധിയിലുണ്ട്. അതി സ്നേഹിയായ ഈശ്വരീയ പിതാവ്, ക്രിസ്തുവിനെ ഗോഡ്ഫാദർ എന്നു പറയില്ല. അറിയാം ക്രിസ്തു സന്ദേശവാഹകനാണ്. പരമപിതാ പരമാത്മാവാണ് ക്രിസ്തുവിനെ അയച്ചത്. വരുന്നത് നിരാകാരീ ലോകത്തുനിന്നാണ്. ക്രിസ്തുവിനെ ഗോഡ് ഫാദർ എന്നു പറയില്ല. സന്ദേശവാഹകൻ എന്നു കരുതുന്നു. ഹിന്ദുക്കൾക്ക് അറിയില്ല– ഹിന്ദു ധർമ്മം എപ്പോൾ ആരാണ് സ്ഥാപിച്ചത്? ഹിന്ദു എന്ന ധർമ്മം തന്നെയില്ല. ആദിസനാതന ദേവീദേവതാ ധർമ്മമാണുള്ളത്. ജനസംഖ്യ എടുക്കാൻ വരുമ്പോൾ അഥവാ നമ്മളോട് ചോദിക്കുകയാണെങ്കിൽ നമ്മൾ ബ്രാഹ്മണരാണെന്ന് പറയുന്നു. നമ്മൾ ഈ സമയം ഹിന്ദുക്കളേയല്ല. ഈ സമയം നമ്മൾ ബ്രഹ്മാ മുഖവംശാവലി ബ്രാഹ്മണരാണ്. പക്ഷേ നിങ്ങൾ ബ്രാഹ്മണരാണെന്നു പറഞ്ഞാലും അവർ ഹിന്ദുവിലേ ഇടുകയുള്ളു. അവിടെ സത്യയുഗത്തിലാണെങ്കിൽ ജനസംഖ്യ കണക്കെടുപ്പ് ഉണ്ടാകില്ല എന്തെന്നാൽ അവിടെ ഒരേ ഒരു ദേവീദേവതാ ധർമ്മമേയുള്ളു. അതിനാൽ ചോദിക്കേണ്ട ആവശ്യമേയില്ല. ഇവിടെ വളരെ അധികം ധർമ്മങ്ങളുണ്ട് അതിനാലാണ് ചോദിക്കുന്നത്. ഈ മുഴുവൻ കാര്യങ്ങളും അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. അതിനാൽ ബുദ്ധികൊണ്ട് ബാബയെ ഓർമ്മിക്കണം. ബാബ നിരാകാരനാണ് പിന്നെ ബാബയ്ക്ക് ഒരേ ഒരു പേരേയുള്ളു. ബ്രഹ്മാ വിഷ്ണു ശങ്കരനെയും ആകാരീ ചിത്രങ്ങളിൽ കാണിക്കാറുണ്ട്. ശിവന്റെ ചിത്രം എവിടെയാണ്? മനസ്സിലാക്കുന്നുമുണ്ട് ഇത് ഭഗവാനാണെന്ന്. നമുക്ക് നമ്മളെ ഭഗവാൻ എന്ന് പറയാൻ കഴിയില്ല. ആത്മാക്കൾ പുനർജന്മമെടുക്കുന്നുണ്ട്. അച്ഛനും പുനർജന്മമെടുക്കുന്നു എന്നല്ല.

ഇപ്പോൾ നിങ്ങൾ മൂന്നുലോകത്തേയും അറിയുന്നു അതിനാലാണ് നിങ്ങൾക്ക് ത്രിലോകങ്ങളുടേയും നാഥൻ എന്നു പേരുള്ളത്. അറിവുള്ളവരാണ് നാഥനാവുന്നത്. നിങ്ങൾക്കിപ്പോൾ മൂന്നു ലോകങ്ങളുടേയും ജ്ഞാനമുണ്ട്. നിങ്ങൾ ബ്രാഹ്മണർ മാത്രമാണ് അറിയുന്നത് മറ്റാർക്കും അറിയാൻ കഴിയില്ല. കൃഷ്ണൻപോലും ത്രിലോകങ്ങളുടെ നാഥനല്ല. അവിടെ ഈ ജ്ഞാനം ഉണ്ടാവില്ല. ഇത് നിങ്ങൾക്ക് മാത്രമാണ് ലഭിക്കുന്നത് അതിനാലാണ് നിങ്ങളുടെ പേര് ഇത്രയും പ്രശസ്ഥം. ദിൽവാഡാ ക്ഷേത്രത്തിൽ ശിവൻ, ആദിദേവൻ, ആദിദേവീ പിന്നെ നിങ്ങൾ കുട്ടികളുമുണ്ട് എന്തെന്നാൽ നിങ്ങൾ ഇപ്പോൾ സേവനം ചെയ്യുന്നു. അച്ഛൻ വരുന്നത് പതിതരെ പാവനമാക്കാനാണ് അതിനാൽ നിങ്ങൾ കുട്ടികളുടെ സഹായം തേടുന്നു. ബാബ പറയുന്നു ആരെല്ലാമാണോ എന്റെ സഹായിയായി മാറുന്നത് അവരെ എനിക്ക് അറിയാം. ഇത് ആർക്ക് വേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും, അതിന്റെ പ്രതിഫലമായി നിങ്ങൾ സ്വർഗ്ഗത്തിൽ അധി

കാരിയാകുന്നു. എല്ലാ വിദ്യാർത്ഥികളും ഒരുപോലെയല്ല. ശിവബാബയുടെ കടയാണ് മനുഷ്യനെ ദേവതയാക്കുന്നതിനുള്ളത് പിന്നീട് അതിൽ എല്ലാവരും നമ്പർവൈസാണ്. മഹാരഥികളുടെ സെന്ററുകൾ വളരെ നന്നായി നടക്കുന്നുണ്ടാകും. മനസ്സിലാക്കും വളരെ നല്ല സെയിൽസ്മാനാണ്. എല്ലാം ശിവബാബയുടെ കടയാണ്. നിങ്ങൾ അവിനാശിയായ ജ്ഞാനരത്നങ്ങളുടെ വ്യാപാരം ചെയ്യുന്നു. ഈ അച്ഛൻ എത്ര സാധാരണമാണ്! സത്യവും അസത്യവും തമ്മിൽ എത്ര വ്യത്യാസമാണ്! സത്യം പറയുന്നത് ഒരേ ഒരു അച്ഛൻ മാത്രമാണ്. ബാക്കി എല്ലാം വെറും അസത്യമാണ്. ഏറ്റവും വലുതിലും വലിയ അസത്യം– ശ്രീമതം നൽകുന്ന പരമപിതാ പരമാത്മാവിനെ സർവ്വവ്യാപി എന്നു പറയുന്നതാണ്! മുമ്പ് ആണെങ്കിൽ അനന്തം എന്നാണ് പറഞ്ഞിരുന്നത്. രാവണൻ ആരാണ്, എപ്പോൾ മുതലാണ് വന്നത്– ഇതും ആർക്കും അറിയില്ല. രാവണനെ അവർ ത്രേതയിലേയ്ക്ക് കൊണ്ടുവന്നു. കൃഷ്ണനെ ദ്വാപരത്തിലേയ്ക്ക് കൊണ്ടുപോയി. സത്യയുഗത്തെ അറിയുകതന്നെയില്ല. രാമ സീതമാരാണ് ത്രേതയിൽ ഉണ്ടായിരുന്നത്. അവിടെ രാവണന്റെ കാര്യം തന്നെ ഉദിക്കുന്നില്ല. എല്ലാം ഇവിടെയുള്ള കാര്യമാണ്. ഇവിടെ ബോർഡ് വെച്ചിട്ടുണ്ട്. ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുത്താൽ അവർ പറയും ഇത് ബി.കെയുടെ കല്പനയാണ്. ഇപ്പോൾ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. തരുന്ന പോയിന്റ്സ് ധാരണ ചെയ്യണം. എവിടെയാണെങ്കിലും പോയിന്റ്സ് ചോദിച്ച് പഠിക്കണം. സമയമില്ല എന്നല്ല. അല്ല, ഈശ്വരീയ വിദ്യാർത്ഥികൾ പറയുകയാണ് സമയമില്ല എങ്കിൽ അവരെ എന്താണ് പറയുക? മറ്റുള്ളവരെക്കൊണ്ട് എങ്ങനെ ധാരണ ചെയ്യിക്കാൻ സാധിക്കും? ഇത് പഠിപ്പാണ്. സുപ്രീം ടീച്ചർ ഒരാൾ മാത്രമാണ് പഠിപ്പിക്കുന്നത്. അഥവാ മുരളി കേൾക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെ പോയിന്റ്സ് കേൾപ്പിക്കാൻ കഴിയും?

ഇത് കുട്ടികൾക്ക് അറിയാം അച്ഛൻ ജനന മരണ രഹിതനാണ്. ബാബ പുനർജന്മമെടുക്കുന്നില്ല. എന്നാൽ ബാബയുടെ ജയന്തി ആഘോഷിക്കുന്നു. ഇതാണെങ്കിൽ ശിവജയന്തിയേയും ഇല്ലാതാക്കുന്നു. ഇപ്പോൾ ആരാണ് പറഞ്ഞുതരിക ശിവന്റെ ജന്മം എങ്ങനെയുണ്ടായിയെന്ന്? എന്താണ് ചെയ്തിട്ടുണ്ടാവുക? ഗീതയിൽ കൃഷ്ണന്റെ പേരിട്ടു എന്നാൽ ആ രൂപത്തിൽ വരാൻ കഴിയില്ല. കൃഷ്ണനെ വൈകുണ്ഠത്തിന്റെ നാഥൻ എന്നാണ് പറയുക, ത്രിലോകങ്ങളുടെ നാഥൻ എന്നല്ല. അതിനാൽ വൈകുണ്ഠം അഥവാ സ്വർഗ്ഗം ഇവിടെത്തന്നെയായിരുന്നു ഉണ്ടായിരുന്നത്. കൃഷ്ണനും ഇവിടെത്തന്നെയാണ് ഉണ്ടായിരുന്നത്. രാധയും കൃഷ്ണനും സഹോദരീ സഹോദരന്മാരായിരുന്നില്ല. രണ്ടുപേരും വേറെ വേറെ രാജധാനികളിലായിരുന്നു. കുട്ടികൾ സാക്ഷാത്ക്കാരം കണ്ടിരുന്നു– എങ്ങനെയാണ് സ്വയംവരം നടക്കുന്നത്? ബാബ തുടക്കത്തിൽ നിങ്ങളെ വളരെ ആനന്ദിപ്പിച്ചിരുന്നു. ഏകാന്തമായി തന്നെ ഉള്ളിൽ ഭട്ടിയിൽ ഇരുന്നു. ഒരു മിത്ര സംബന്ധിയേയും കാണില്ലായിരുന്നു. വളരെ അധികം കാര്യങ്ങൾ കാണിച്ചുതന്നു. ഇനി അവസാനത്തിലും നിങ്ങൾ വളരെ അധികം കാര്യങ്ങൾ കാണും. വൈകുണ്ഠത്തിൽ ഇരിക്കുന്നതുപോലെ തോന്നും. അന്തിമ സമയത്ത് ആളുകൾ പേടിക്കും. വളരെ അധികം ആപത്തുകൾ വരാനിരിക്കുന്നു, ഇതിനെയാണ് പറയുന്നത് രക്തരൂക്ഷിതം. ലോകം ഇത് അറിയുന്നില്ല. ഗവൺമെന്റും ഒരു നിർദ്ദേശവും എടുക്കില്ല. ഇപ്പോൾ എല്ലാവരുടേയും വിനാശമുണ്ടാകണം. നിങ്ങൾ അവിനാശിയായ അച്ഛനിൽ നിന്നും അവിനാശിയായ പദവി നേടുകയാണ്. പ്രജയിൽ വരുകയാണെങ്കിൽ പോലും വളരെ സൗഭാഗ്യമാണ്. അവിടെ സുഖംതന്നെ സുഖമാണ്. ഇവിടെയാണ് ദുഃഖം തന്നെ ദുഃഖമാണ്. ഇപ്പോൾ അച്ഛൻ പഠിപ്പിക്കാൻ വന്നിരിക്കുകയാണ് എങ്കിൽ പഠിക്കണ്ടേ. ശരിയാണ് ജോലിയുണ്ട്, കൈകൾ ജോലിചെയ്യട്ടേ, മനസ്സ് ഓർമ്മിക്കട്ടെ... ബുദ്ധിയോഗം ബാബയുമായി യോജിപ്പിച്ചിരിക്കണം. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും ഓർമ്മിക്കേണ്ടത് ബാബയെയാണ്. നിങ്ങൾ എന്താ വിചാരിക്കുന്നത് ബാബ സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയാണ് മാറ്റുന്നത്. 21 ജന്മം രാജ്യം ഭരിക്കും. പേടിക്കേണ്ട ഒരു കാര്യവുമില്ല. ഇവിടെ നോക്കൂ, മനുഷ്യർക്ക് എത്ര ചിന്തകളാണ്! അവിടെയാണെങ്കിൽ ഒരു ചിന്തയുമില്ല. നിങ്ങൾ അവിടെ പ്രാലബ്ധമാണ് അനുഭവിക്കുന്നത്. പക്ഷേ അവിടെ അതും അറിയില്ല. നമ്മൾ അവിനാശിയായ അച്ഛനിൽ നിന്നും സമ്പത്ത് എടുക്കുകയാണ് ഈ കാര്യം ഇപ്പോൾ മാത്രമാണ് നിങ്ങൾ അറിയുന്നത്. പിന്നീട് സ്വതവേ നമ്മൾ രാജധാനിയുടെ സമ്പത്ത് എടുത്തുകൊണ്ടിരിക്കും. ദാനപുണ്യങ്ങൾ ചെയ്യുന്നതിലൂടെ രാജ്യഭാഗ്യം ലഭിക്കുകയില്ല. ഈ സമയത്തെ പുരുഷാർത്ഥത്തിനാണ് അവിടെ പ്രാലബ്ധം ലഭിക്കുന്നത്. എങ്കിൽ എത്ര പുരുഷാർത്ഥം ചെയ്യണം 21 ജന്മത്തിലെ ഭാഗ്യം ഉണ്ടാകാൻ. അവിടെ പുരുഷാർത്ഥം– പ്രാലബ്ധത്തിന്റെ കാര്യമില്ല. അവിടെ അപ്രാപ്തമായ ഒരു വസ്തുവുമുണ്ടാകില്ല അതിനായി പുരുഷാർത്ഥം ചെയ്യാൻ. എല്ലാവരും ധനികരായിരിക്കും. ഇവിടെ മനുഷ്യർ ഡോക്ടർ, ജഡ്ജ് ആവാൻ പഠിക്കുന്നു എന്നാൽ അവിടെ ഡോക്ടറുമില്ല ജഡ്ജുമില്ല. അവിടെ ആരും പാപം ചെയ്യില്ല. അവിടെ കളവും മോഷണവും ഒന്നുമില്ല. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും അധികാരിയാവുന്നു. അവിടെ ഒന്നിന്റേയും ചിന്തയുണ്ടാവില്ല. അന്നത്തിനായി പൈസ കൊടുക്കേണ്ടിവരില്ല. ഇവിടെയും ബാബയുള്ളപ്പോൾ 8–10 അണയ്ക്ക് 20 കിലോ ധാന്യം ലഭിക്കുമായിരുന്നു. എങ്കിൽ അതിനും മുമ്പ് എന്തായിരുക്കും? ഇപ്പോഴാണെങ്കിൽ എന്തൊരു വിലയാണ്. ഇനിയും വില

ഉയരും. പിന്നീട് വില കുറയും. ഡ്രാമ അനുസരിച്ച് നിങ്ങൾക്ക് എല്ലാം ലഭിക്കണം. ബാബയുടെ സഹായത്താൽ നിങ്ങൾക്ക് രാജധാനി ലഭിക്കുന്നു. രണ്ടു കുരങ്ങന്മാർ അടികൂടുന്നു വെണ്ണ നിങ്ങൾക്ക് ലഭിക്കുന്നു. ലോകത്തിന് അറിയുമോ നിങ്ങളെ പഠിപ്പിക്കുന്നത് ആരാണെന്ന്! കാരണം ബാബ ഗുപ്തവേഷത്തിലാണ്. നിങ്ങൾക്ക് ഒരു സെക്കന്റിൽ വൈകുണ്ഠത്തിന്റെ രാജധാനി നൽകുന്നു. ഈശ്വരൻ കൂട്ടുകാരനായ കഥയുമുണ്ടല്ലോ. ഈ മഹിമ അച്ഛന്റേതാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. സമർത്ഥനായ സെയിൽസ്മാനായി അവിനാശീ ജ്ഞാനരത്നങ്ങളുടെ വ്യാപാരം ചെയ്യണം. അവിനാശിയായ പ്രാലബ്ധമുണ്ടാക്കുന്നതിനായി തന്റെ ബുദ്ധിയോഗത്തെ ഒരു ബാബയിൽ വെയ്ക്കണം.

2. പദവിയോടെ പാസ്സാകുന്നതിനായി സത്യംസത്യമായ പ്രിയതമയാകണം. നിരന്തരം ഒരേഒരു പ്രിയതമന്റെ ഓർമ്മയിൽ ഇരിക്കണം.

## വരദാനം:- സർവ്വശക്തിവാന്റെ കൂട്ടുകാരനായി സർവ്വരെപ്രതിയും ശുഭഭാവന വെക്കുന്ന ചിന്തനം അഥവാ ചിന്താമുക്തരായി ഭവിക്കട്ടെ.

പല കുട്ടികളും ചിന്തനം ചെയ്യുന്നു അതായത് ഇന്നയാളുടെ അസുഖം മാറണേ, മകൻ അല്ലെങ്കിൽ പതി ജ്ഞാനത്തിൽ വരണേ, ജോലി ശരിയാകണേ... ഈ ഭാവനകളെല്ലാം നല്ലതാണ് പക്ഷെ താങ്കളുടെ ഈ ആഗ്രഹങ്ങളെല്ലാം പൂർത്തീകരിക്കുക അപ്പോഴാണ്, എപ്പോഴാണോ സ്വയം ഭാരരഹിതരായി ബാബയിൽ നിന്ന് ശക്തി എടുക്കുന്നത്. ഇതിന് വേണ്ടി ബുദ്ധിയാകുന്ന പാത്രം കാലിയായിരിക്കണം. എല്ലാവരുടെയും മംഗളം ആഗ്രഹിക്കുന്നുവെങ്കിൽ സ്വയം ശക്തിരൂപമായി മാറി സർവ്വശക്തിവാന്റെ കൂട്ടുകാരനായി ശുഭഭാവന വെച്ച് പോയ്ക്കൊണ്ടിരിക്കൂ. ചിന്തനം അഥവാ ചിന്തയിൽ നിന്ന് മുക്തമായിരിക്കൂ, ബന്ധനങ്ങളിൽ കുടുങ്ങരുത്.

## സ്ലോഗൻ:- ആരാണോ പ്രശ്നങ്ങൾക്കുമപ്പുറം ഇരിക്കുന്നത് അവർ തന്നെയാണ് സദാ പ്രസന്ന ചിത്തരായിരിക്കുന്നത്.